# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1497** — **22-03-2013 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസന പദ്ധതി

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെൽകൃഷി വികസന പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | 1. ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ<br>2. നിലവിലുള്ള നെൽക്യഷി ചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തൃതി ചുരുങ്ങാതെ നോക്കുക<br>3. കൂടുതൽ സ്ഥലം നെൽക്യഷിയിലേയ്ക്ക് കൊണ്ടു വരിക.<br>4. കർഷകരുടെ അറ്റാദായം വർദ്ധിപ്പിക്കൽ.<br>5. ഭക്ഷ്യസുരക്ഷ കൈവരിക്കുക<br>6. നെൽവയലുകൾ സംരക്ഷിക്കുന്നതു വഴി ജലസ്രോതസ്സുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) | ഗ്രൂപ്പ് ഫാമിംഗ്, കരനെൽകൃഷി എന്നിവ പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി 2012-2013 വർഷം ഹെക്ടറിന് 4000/- രൂപ നിരക്കിലുള്ള ആനുകൂല്യം നല്കി 67500 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കി വരുന്നു. ആയതിലേയ്ക്കായി 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്. 2012-2013 വർഷം സംസ്ഥാനത്ത് കരനെൽക്യഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി 3334 ഹെക്ടറിൽ നടപ്പാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ഹെക്ടറിന് 7500/- രൂപ നിരക്കിൽ ആനുകൂല്യം നല്കുന്ന 250 ലക്ഷം രൂപയുടെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. |
| (സി) | കരനെൽകൃഷി വഴിയും തരിശുഭൂമി കൃഷിയോഗ്യ മാക്കിയതുവഴിയും എത്ര ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | 2011-12 വർഷം കരനെൽക്കൃഷി പദ്ധതി 6539 ഹെക്ടറിൽ നടപ്പിലാക്കിയത് വഴി ഹെക്ടറിന് 2 ടൺ പ്രകാരം 13000 ടണ്ണും തരിശുനില കൃഷി 3407 ഹെക്ടറിൽ നടപ്പിലാക്കിയതു വഴി ഹെക്ടറിന് 3 ടൺ പ്രകാരം 10000 ടൺ നെല്ലും അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതി വഴി എന്തെല്ലാം ധനസഹായങ്ങളാണ് നെൽകർഷകർക്ക് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 2011-2012 വർഷം കരനെൽക്കൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 5000/- രൂപ നിരക്കിൽ 327 ലക്ഷം രൂപയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. തരിശുനില കൃഷിയ്ക്കായി വിവിധ പദ്ധതികളിലൂടെ ആകെ 246.37 ലക്ഷം രൂപ (തരിശുനില കൃഷി സുസ്ഥിര നെൽകൃഷിയ്ക്കായി ഹെക്ടറിന് 5000 രൂപ നിരക്കിൽ 125.74 ലക്ഷം രൂപയും വനിതാഗ്രൂപ്പുകൾ വഴിയുള്ള തരിശുനില കൃഷിക്ക് ഹെക്ടറിന് 10000 രൂപ നിരക്കിൽ 72.93 ലക്ഷം രൂപയും കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം ഹെക്ടറിന് 30000 രൂപ നിരക്കിൽ 37.5 ലക്ഷം രൂപയും കോൺട്രാക്ട് ഫാമിംഗ് പദ്ധതി പ്രകാരം ഹെക്ടറിന് 30000 രൂപ നിരക്കിൽ 10.2 ലക്ഷം രൂപയും) അനുവദിച്ചിട്ടുണ്ട്. 2012-2013 വർഷത്തിൽ 445 ലക്ഷം രൂപയുടെ പദ്ധതികൾ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ